## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 358 | 15.03.2018- ൽ മറുപടിക്ക്

### സഹകരണ കരട്ടുനയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.ബി.സതീഷ്<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.എ.എൻ.ഷംസീർ<br>ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) വൈവിദ്ധ്യങ്ങളിലൂടെ മുന്നോട്ട് എന്ന മുദ്രാവാക്യവുമായി കണ്ണൂരിൽ വെച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസിൽ സഹകരണ നയത്തിന്റെ കരട്ടുരൂപം അവതരിപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br>(ബി) പ്രസ്തുത സഹകരണ കരട്ടുനയം വ്യക്തമാക്കുന്ന ഉദ്ദേശങ്ങളും, നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ) യും (ബി) യും ഉണ്ട്.<br>സഹകരണ നയത്തിന്റെ കരട് തയ്യാറാക്കി 2018 ഫെബ്രുവരിയിൽ കണ്ണൂരിൽ വച്ച് നടന്ന സഹകരണ കോൺഗ്രസ്സിൽ സഹകരണ നയത്തിന്റെ കരട് ഉദ്ദേശങ്ങളും നിർദ്ദേശങ്ങളും തയ്യാറാക്കി ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ സഹകരണനയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.<br>സഹകരണ കരട് നയം വ്യക്തമാക്കുന്ന ഉദ്ദേശങ്ങളും നിർദ്ദേശങ്ങളും താഴെ പറയുന്നവയാണ്.<br>**<u>ഉദ്ദേശങ്ങൾ</u>**<br>സഹകരണ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായും സ്വയംഭരണാവകാശം നിലനിർത്തിക്കൊണ്ടും പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സാഹചര്യം ഒരുക്കുക.<br>കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള സംവിധാനമായി സഹകരണ സ്ഥാപനങ്ങളെ അംഗീകരിക്കുക.<br>സമ്പദ്ഘടനയുടെ സമസ്ത മേഖലകളിലും കരുത്തുറ്റതും ഊർജ്ജസ്വലവുമായ സഹകരണ പ്രസ്ഥാനം പടുത്തുയർത്തുവാൻ ശ്രമിക്കുക.<br>ഭരണ നിർവ്വഹണം ശക്തിപ്പെടുത്തുന്നതിനും സഹകരണ ആശയങ്ങളുടെ പ്രചരണത്തിനും വിവര സാങ്കേതിക വിദ്യ, പരിശീലനം, ഗവേഷണം എന്നിവയ്ക്കുവേണ്ടിയും സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ബഡ്ജറ്റിൽ |

ളുക നീക്കി വയ്ക്കുക.

സഹകരണ സ്ഥാപനങ്ങളിലെ നിലവിലെ നിയമനരീതി അവലോകനം ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുക.

സാങ്കേതിക വിദ്യയിലും നിയമ-നിയന്ത്രണ കാര്യങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി ചുവടുവച്ച് നീങ്ങുന്നതിന് സഹകരണ വകുപ്പിനെ സജ്ജമാക്കുന്ന വിധത്തിൽ വകുപ്പിൽ പ്രൊഫഷണലിസം നടപ്പാക്കുക.

സാങ്കേതിക വിദ്യ, പ്രൊഫഷണലിസം, ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിധ്യവൽക്കരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിക്കൊണ്ട് സഹകരണ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കേണ്ടതുമാണ്.

സഹകരണ ഫെഡറേഷനുകളുടേയും ഫെഡറൽ സൊസൈറ്റികളുടെയും പ്രവർത്തനം പുനർ നിർവ്വചിക്കുക.

സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീ ശാക്തീകരണത്തിനും തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വേണ്ടി പരിശ്രമിക്കുക.

യുവതലമുറയെ അവരുടെ ആവശ്യ നിർവ്വഹണത്തിനായി സഹകരണ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുക. ഒരു സംരംഭം എന്ന നിലയിൽ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് പിന്നിലെ ആശയങ്ങൾക്കും മൂല്യങ്ങൾക്കും യുവതലമുറയുടെ ഇടയിൽ സ്വീകാര്യത ഉണ്ടാക്കുക എന്ന കാഴ്ചപ്പാടോടുകൂടിയായിരിക്കണം ഇത് ചെയ്യേണ്ടത്.

യുവതലമുറയുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന വിധത്തിൽ സഹകരണ സ്ഥാപനങ്ങളെ സജ്ജമാക്കുക.

സഹകരണം പാഠ്യപദ്ധതിയിലെ ഒരു വിഷയമാക്കിക്കൊണ്ടും സഹകരണ വിദ്യാഭ്യാസവും ഗവേഷണവും കോളേജ് /സർവ്വകലാശാലാ തലങ്ങളിൽ പ്രോത്സാഹിപ്പിച്ചുകൊണ്ടും വിദ്യാർത്ഥികളുടെ മനസ്സിലേയ്ക്ക് സഹകരണ പ്രസ്ഥാനത്തിന്റെ ആശയവും വികാരവും പകർന്ന് നൽകുക.

സഹകരണ മേഖലയിൽ നൂതന ആശയങ്ങളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക.

അവ്യക്തതകൾ നീക്കി ലളിതമാക്കി മാറ്റുന്നതിനായി കേരള സഹകരണ നിയമവും ചട്ടവും രീതിയിൽ പുനരവലോകനം ചെയ്യുകയും ഭാവി ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് അനുയോജ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്യുക.

സഹകരണ പ്രസ്ഥാനത്തിന്റെ പ്രതിച്ഛായയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനായി എല്ലാ മേഖലകളിലുമുള്ള വ്യാജ സഹകരണ സ്ഥാപനങ്ങളെ സമാപ്തീകരിക്കുക.

**<u>നിർദ്ദേശങ്ങൾ</u>**

കേരള സംസ്ഥാന സഹകരണ ബാങ്കിനേയും (കെ.എസ്.സി.ബി) 14 ജില്ലാ ബാങ്കുകളേയും സംയോജിപ്പിച്ചുകൊണ്ട് ഹ്രസ്വകാല കാർഷിക വായ്പാ ഘടനയെ പുന:സംഘടിപ്പിക്കുക. ഈ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സാങ്കേതികവിദ്യ, പ്രൊഫഷണലിസം, ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിധ്യവൽക്കരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിക്കൊണ്ട് കൂടുതൽ ആദായകരമായും ജനോപകാര പ്രദമാക്കുക.

കാർഷിക വായ്പാ ഇപ്പോഴത്തെ 10% എന്നതിൽ നിന്ന് അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ 25% ഉം തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50% ആക്കുക.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധങ്ങളായ സേവനം നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക.

പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെ (പി.സി.എ.ആർ.ഡി.ബി.എസ്) ദീർഘകാല സഹകരണ വായ്പാഘടനയെ (എൽ.റ്റി.സി.സി.എസ്) കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് അവരുടെ മൊത്തം വായ്പയുടെ 50% എങ്കിലും വിതരണം ചെയ്യുന്നത് ഉറപ്പാക്കുക.

മൂല്യവർദ്ധനവിലൂടെ പ്രാദേശികനാണ്യവിളകളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അതിൽ നിന്ന് കൂടുതൽ വിദേശ നാണ്യം സമ്പാദിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനത്തിൽ ദിശാമാറ്റം നടത്തുക.

സംസ്ഥാനത്ത് നിലവിലുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഗൗരവമായി പരിശോധിക്കുകയും പ്രവർത്തനം നിലച്ചതും ദുർബലവുമായ പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുക. അടച്ചുപൂട്ടലിന് വിധേയമാക്കപ്പെടുന്ന പ്രാഥമിക ഉപഭോക്തൃ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലേയ്ക്ക് മാറ്റുക.

നിലവിലുള്ള എല്ലാ ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃത സഹകരണ സംഘങ്ങളെയും ശക്തമാക്കണം. ഉപഭോക്തൃ മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളിൽ അംഗമാകുന്നതിന് അവസരം നൽകുക.

പാലിന്റെ ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിച്ച് ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീരോൽപ്പാദനത്തെ ഒരു തൊഴിലായി ( പ്രധാന തൊഴിലോ അല്ലെങ്കിൽ ഉപതൊഴിലോ) ക്ഷീര സഹകരണ സംഘങ്ങൾ വഴി പരമാവധി പ്രോത്സാഹിപ്പിക്കുക.

മത്സ്യ ബന്ധനത്തിന് പ്രതികൂലമായ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മറ്റ് തൊഴിലുകൾ ലഭ്യമാക്കി സ്ഥിരവരുമാനം ഉറപ്പാക്കുന്നതിന് മത്സ്യസഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.

കൈത്തറി, കയർ,ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഈ മേഖലയിലെ സഹകരണ സംഘങ്ങളെ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.

തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ തൊഴിൽ സഹകരണ സംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരിക. ഉൽപ്പാദനം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് ഈ സംഘങ്ങളിലൂടെ പരിശീലനം നൽകുകയും ചെയ്യുക.

സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീ ശാക്തീകരണത്തിനായുള്ള പരിശ്രമങ്ങളെയും സ്ത്രീ തൊഴിൽ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക.

നൈപുണ്യ നിലവാരം ഉയർത്തിക്കൊണ്ട് വിപണിയിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാരിന്റെയും സഹകരണ ഫെഡറേഷനുകളുടേയും സഹായത്തോടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സുസ്ഥിരമായി വികസിപ്പിക്കുക.

പ്രവാസി സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ജോലി മതിയാക്കി തിരിച്ചെത്തുന്ന പ്രവാസികളുടെ തൊഴിൽ നൈപുണ്യം സമൂഹ പുരോഗതിയ്ക്കായി വിനിയോഗിക്കുക.

സാധാരണ ജനങ്ങൾക്ക് താങ്ങാവുന്ന നിരക്കിൽ എല്ലാതരം ആരോഗ്യസേവനങ്ങളും ലഭ്യമാക്കുന്നതിന് ആശുപത്രി സഹകരണ സംഘങ്ങളെ വികസിപ്പിക്കുക.

കേരളത്തിലെ വിനോദ സഞ്ചാര മേഖലയിലെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി വിനോദ സഞ്ചാര സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനും തദ്ദേശീയ ഉൽപ്പാദന/വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും വിനോദസഞ്ചാര സഹകരണ സ്ഥാപനങ്ങളെ ഉപയോഗിക്കുക.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്കിംഗ് സേവന ദാതാക്കളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അംഗീകരിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുകയും എല്ലാ ബാങ്കിംഗ് ഇടപാടുകളും അവയിലൂടെ നടത്തുകയും ചെയ്യുക.

പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സഹകരണ സ്ഥാപനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും യോജിച്ച് പരിശ്രമിക്കുക. വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണത്തിനും ഉൽപ്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ നടത്തുന്നതിനും ഈ കൂട്ടായ്മ ഏറെ സഹായകരമായിരിക്കും.

പലവക സഹകരണ സംഘങ്ങൾക്കായി ഒരു അപ്പെക്സ് സഹകരണ ഫെഡറേഷൻ രൂപീകരിക്കുക.

കേരള സഹകരണ നിയമം വകുപ്പ് 14 എ

വിഭാവനം ചെയ്യുന്ന രീതിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ടി സംരംഭങ്ങൾക്ക് അംഗങ്ങളിൽ നിന്നും മുൻഗണനാ ഓഹരി മൂലധനം സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും അത്തരത്തിൽ സ്വീകരിക്കപ്പെടുന്ന മുൻഗണനാ ഓഹരി മൂലധനത്തിന് ഓഹരി അനുപാതത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംരംഭം ഉണ്ടാക്കുന്ന അറ്റലാഭത്തിൽ നിന്നും 49 ശതമാനം വരെ ലാഭവിഹിതം നൽകുന്നതിനും വ്യവസ്ഥ ചെയ്യുക.

(സി) സംസ്ഥാന സർക്കാരിന്റെയും പ്രാദേശിക സർക്കാരിന്റെയും പദ്ധതി നടത്തിപ്പിൽ സഹകരണ സംഘങ്ങൾക്ക് എത്രത്തോളം പങ്കാളിത്തം നൽകുന്നതിനാണ് സർക്കാർ ആലോചിക്കുന്നതെന്ന് അറിയിക്കുമോ?

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്കിംഗ് സേവനദാതാക്കളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അംഗീകരിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുകയും എല്ലാ ബാങ്കിംഗ് ഇടപാടുകളും അവയിലൂടെ നടത്തുകയും ചെയ്യുക.

സഹകരണ മേഖലയ്ക്ക് ഒരു സമഗ്ര നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിലും കരട് നയം നാളിതുവരെ അംഗീകരിച്ചിട്ടില്ല. നയം അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് സഹകരണ സംഘങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

എന്നാൽ നിലവിൽ സംസ്ഥാന പദ്ധതിയിലും എൻ.സി.ഡി.സി പദ്ധതിയിലും ഉൾപ്പെടുത്തി 2017-18 വർഷത്തിൽ 185 കോടി രൂപ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്. അതിൽ 28.02.2018 വരെ വിവിധ സംഘങ്ങൾക്ക് (എസ്.സി/എസ്.റ്റി സംഘങ്ങൾ ഉൾപ്പെടെ) വിവിധ പദ്ധതികളിലൂടെ 99.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**